## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2494

05.02.2018- ൽ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നടപടികൾ

**ചോദ്യം**

**ശ്രീ. കെ. വി. വിജയദാസ്**
**ശ്രീ.കെ. ദാസൻ**
**ശ്രീ. സി. കൃഷ്ണൻ**
**ശ്രീ. ജോൺ ഫെർണാണ്ടസ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന തരത്തിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന നിയന്ത്രണങ്ങളും നിബന്ധനകളും സഹകരണ മേഖലയിൽ ഏതെങ്കിലും വിധത്തിലുള്ള പിന്നോട്ടടിക്ക് കാരണമായിട്ടുണ്ടോ;

(എ) പാർലമെന്റ് പാസ്സാക്കിയ ബാങ്കിംഗ് നിയന്ത്രണ (ഭേദഗതി) നിയമം 2012 പ്രകാരം സഹകരണ ബാങ്കുകളുടെ മേൽ റിസർവ്വ് ബാങ്കിനുള്ള നിയന്ത്രണ അധികാരം വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുകയുണ്ടായി. കൂടാതെ റിസർവ്വ് ബാങ്ക് ലൈസൻസുള്ള സഹകരണ ബാങ്കുകൾ ഒഴികെ മറ്റു സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശമില്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കാനോ, ബാങ്ക് എന്ന പദം അവരുടെ പേരിനൊപ്പം ചേർക്കാനോ പാടില്ലെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയത് സഹകരണ മേഖലയുടെ നിലവിലുള്ള പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ ബാങ്കുകളുടെ എസ്. എൽ ആർ നിക്ഷേപം വാണിജ്യ ബാങ്കുകൾക്ക് സമാനമായി നിശ്ചയിച്ചുകൊണ്ടും, സഹകരണ ബാങ്കുകൾ അവയുടെ എസ്.എൽ.ആർ നിക്ഷേപം മുഴുവൻ ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടതാണെന്നും റിസർവ്വ് ബാങ്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സഹകരണ ബാങ്കുകൾ അവയുടെ ധനസഹായ ബാങ്കുകളിൽ നിന്നും എസ്.എൽ.ആർ നിക്ഷേപം പിൻവലിക്കുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാന/ ജില്ലാ സഹകരണ ബാങ്കുകൾ 31.03.2017 ന് മുൻപ് 9% മൂലധന പര്യാപ്തത കൈവരിക്കണമെന്ന റിസർവ്വ് ബാങ്ക്

നിർദ്ദേശം, പരിമിതമായ എണ്ണം സംഘങ്ങൾ/ബാങ്കുകൾക്ക് മാത്രം അംഗങ്ങളായിട്ടുള്ള സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾക്ക് മൂലധനം സമാഹരിക്കുന്നതിനും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശം പാലിക്കുന്നതിനും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ കൊണ്ടുവന്ന എഫ്. ആർ.ഡി.ഐ ബില്ലിലെ ചില വ്യവസ്ഥകൾ ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ വരുന്ന സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ താൽപര്യത്തെ ദോഷകരമായി ബാധിക്കുമോ എന്നത് സംബന്ധിച്ച് ആശങ്കയുണ്ട്. കൂടാതെ 500, 1000 രൂപ കറൻസി നിരോധനവും, അതിനുശേഷം വന്ന നിയന്ത്രണങ്ങളും സഹകരണമേഖലയിൽ താൽക്കാലിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ജനങ്ങളുടെ ഒന്നാകെ വിശ്വാസമാർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും മുന്നോട്ട് നയിക്കുന്നതിനും ആവശ്യമായ ഏതെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബാങ്കിംഗ് നിയമഭേദഗതികളുടെ തുടർച്ചയായി സഹകരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിട്ടുള്ള അസൗകര്യങ്ങൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. കറൻസി നിരോധനം മുഖേന ഉണ്ടായ താൽക്കാലിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു. ഈ ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിക്കുകയുണ്ടായി. നിക്ഷേപങ്ങൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്ന പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി പത്രപരസ്യം എല്ലാ പ്രമുഖ ദിനപത്രങ്ങളിലും പ്രസിദ്ധീകരിക്കുകയുണ്ടായി.

(സി) സഹകരണ കോൺഗ്രസ്, സഹകരണ നിക്ഷേപ സമാഹരണം തുടങ്ങിയ പരിപാടികൾ വിജയകരമായി നടത്തുന്നതിന് എന്തെല്ലാം തയ്യാറെടുപ്പുകളാണ് കൈക്കൊണ്ടതെന്ന് വെളിപ്പെടുത്തുമോ?

(സി) 2018 ഫെബ്രുവരി 10,11,12 തീയതികളിൽ കണ്ണൂരിൽ വച്ച് നടത്തുന്ന 8 - ാമത് സഹകരണ കോൺഗ്രസ്സ് വിജയിപ്പിക്കുന്നതിനായി ശ്രീ. ഇ. പി. ജയരാജൻ എം എൽ എ കൺവീനറായ സംഘാടക സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സംഘാടക സമിതിക്ക് കീഴിൽ 15 സബ് കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ കോൺഗ്രസ്സിൽ മൂവായിരത്തോളം പ്രതിനിധികൾ എത്തുമെന്നും ദേശീയ രംഗത്തെയും വിവിധ സംസ്ഥാനങ്ങളിലെയും സഹകരണ മേഖലയിലും സഹകരണ രംഗത്തും ഉള്ള വിശിഷ്ടാതിഥികൾ പങ്കെടുക്കുമെന്നും പ്രതീക്ഷിക്കുന്നു. സഹകരണ കോൺഗ്രസ്സിന്റെ പ്രചരണത്തിനായി ഹരിത പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ബാനറുകൾ, പോസ്റ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എഫ് എം റേഡിയോ, ടി വി ചാനലുകൾ നവമാധ്യമങ്ങളായ ഫേസ് ബുക്ക്, വാട്സ്ആപ്പ് എന്നിവ മുഖേനയും പ്രചാരണം നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന ത്തുടനീളം പതാക ജാഥയും കൊടിമര ജാഥയും സംഘടിപ്പിച്ചിട്ടുണ്ട്. 38-ാമത് നിക്ഷേപ സമാഹരണ യജ്ഞം 2018 ജനുവരി 10 മുതൽ ഫെബ്രുവരി 9 വരെ സഹകരണ മേഖലയിൽ നടത്തുകയാണ്. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിലുള്ള ജോയിന്റ് പബ്ലിസിറ്റി കമ്മിറ്റി മുഖേന പ്രചരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഉദ്ഘാടന ദിവസമായ ജനുവരി 10 ന് എല്ലാ പ്രമുഖ ദിനപ്പത്രങ്ങളിലും സർക്കാർ പരസ്യം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**